

✎ റോക്സി മാത്യു കോൾ

# റെഡ് അലർട്ട് മാത്രം പോരാ, സേഫ്റ്റി ഡ്രില്ലും വേണം

*എല്ലാ സ്കൂളുകളും കോളേജുകളും സർക്കാർ ഓഫീസുകളും ജോലിസ്ഥലങ്ങളും വർഷത്തിൽ കുറഞ്ഞത് രണ്ടു ഡ്രില്ലുകൾ നടത്തണം. ഒന്ന് മാർച്ച്, ഏപ്രിൽ മാസങ്ങളിലെ കടുത്ത ചൂടിനുമുൻപ്. മറ്റൊന്ന് ജൂണിൽ മൺസൂൺ തുടങ്ങുന്നതിനുമുൻപ്. തീരത്ത് കടലാക്രമണത്തിനും മലയോരത്ത് ഉരുൾപൊട്ടലിനും താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്കത്തിനും യോജിച്ച ഡ്രില്ലുകളും നടത്താം*

ഇക്കഴിഞ്ഞ ദിവസങ്ങളിലെ കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും കേരളത്തിൽ 28 പേർ മരിച്ചു. 41,000-ത്തിലധികം ആളുകൾ വീടുവിട്ട് ക്യാമ്പുകളിലേക്കുമാറി. പല ജില്ലകളിലും സ്കൂളുകൾ അടച്ചു. അടുത്ത റെഡ് അലർട്ട് വരുമ്പോൾ നമ്മൾ എന്തു ചെയ്യും? വെള്ളം കയറുന്ന സ്കൂളിൽനിന്ന് കുട്ടികളെ ഏതു വഴിയിലൂടെ മാറ്റും? കുത്തൊഴുക്കിൽ ഒരാൾ വീണാൽ വെള്ളത്തിലേക്കുചാടാതെ എങ്ങനെ സഹായിക്കും?

കേരളത്തിന്റെ ഏത് ഭാഗത്ത് താമസിച്ചാലും ഏതെങ്കിലും തരത്തിലുള്ള അതിതീവ്ര കാലാവസ്ഥ നമ്മളെ ബാധിക്കാം. തീരത്ത് കടലാക്രമണവും ഉയർന്ന തിരമാലകളും. മലയോരത്ത് ഉരുൾപൊട്ടലും മണ്ണിടിച്ചിലും. താഴ്ന്നപ്രദേശങ്ങളിൽ വെള്ളപ്പൊക്കം. നഗരങ്ങളിൽ വെള്ളക്കെട്ടും തുറന്ന ഓടകളും. എല്ലായിടത്തും കടുത്ത ചൂടും ഇടിമിന്നലും.

അപകടം ഓരോ സ്ഥലത്തും ഓരോ തരത്തിലായിരിക്കും. പക്ഷേ, ഞങ്ങളുടെ പ്രദേശം സുരക്ഷിതമാണെന്ന് കേരളത്തിൽ ആർക്കും കരുതാനാവില്ല. എന്നിട്ടും നമ്മളിൽ എത്ര പേർ ഒരു സേഫ്റ്റി ഡ്രില്ലിൽ പങ്കെടുത്തിട്ടുണ്ട്?

## എന്തുണ്ട് പരിശീലനം

ഓരോ വേനലിലും സ്കൂളുകളിലും നിർമാണസ്ഥലങ്ങളിലും ചന്തകളിലും ആളുകൾ ചൂടേറ്റ് തളർന്നുവീഴുന്നു. ഓരോ മഴക്കാലത്തും കുട്ടികളും മുതിർന്നവരും പുഴകളിലും തോടുകളിലും വെള്ളം നിറഞ്ഞ റോഡുകളിലും ഒഴുക്കിൽപ്പെടുന്നു. ഇക്കഴിഞ്ഞ മേയിൽ കോതമംഗലത്തിനടുത്ത് വടാട്ടുപാറയിൽ പുഴയിൽ കുളിക്കാനിറങ്ങിയ ഡെന്റൽ കോളേജ് വിദ്യാർഥി ബിയോൺ ആഴമുള്ള ഭാഗത്തേക്കു വഴുതിവീണു. സുഹൃത്തിനെ രക്ഷിക്കാൻ അതുലും ഹരീഷും വെള്ളത്തിലിറങ്ങി. ശക്തമായ ഒഴുക്കിൽപ്പെട്ട് മൂന്നുപേരും മരിച്ചു.

അപകടത്തിൽപ്പെട്ട ഒരാളെ കണ്ടാൽ ആദ്യം തോന്നുക അയാളെ രക്ഷിക്കണമെന്നായിരിക്കും. അത് സ്വാഭാവികമാണ്. പക്ഷേ, വെള്ളത്തിലിറങ്ങാതെ എങ്ങനെ സഹായിക്കാമെന്ന് നേരത്തേ പഠിച്ചിട്ടില്ലെങ്കിൽ രക്ഷാശ്രമം മറ്റൊരു ദുരന്തമായി മാറാം. വിദഗ്ധസഹായം എത്തുന്നതിനുമുൻപുള്ള ഏതാനും മിനിറ്റുകളിലാണ് ഇത്തരം അപകടങ്ങൾ പലതും നടക്കുന്നത്.

ഒരു കുട്ടിക്ക് ഹീറ്റ് സ്ട്രോക്ക് വരുന്നതിന്റെ ലക്ഷണങ്ങൾ അധ്യാപകന് അറിയാമോ? വെള്ളം കുത്തിയൊഴുകുന്ന റോഡിലൂടെ മുന്നോട്ടു പോകാതെ വാഹനം തിരിക്കാൻ ഡ്രൈവർ തയ്യാറാകുമോ? ഒഴുക്കിൽപ്പെട്ട കൂട്ടുകാരന് സുരക്ഷിതമായ സ്ഥലത്തുനിന്ന് കയർ എറിഞ്ഞുകൊടുക്കാൻ ഒരു കുട്ടിക്ക് അറിയാമോ?

## വേണം മുന്നൊരുക്കങ്ങൾ

കാലാവസ്ഥ മാറുന്നതോടെ ഇത്തരം പരിശീലനം കൂടുതൽ പ്രാധാന്യമർഹിക്കുന്നു. 1950-കൾക്കുശേഷം ഇന്ത്യയുടെ ഭൂരിഭാഗത്തും ചൂടേറിയ ദിവസങ്ങൾ ഓരോ ദശകത്തിലും അഞ്ചുമുതൽ പത്തുദിവസംവരെ കൂടിയിട്ടുണ്ടെന്ന് ഞങ്ങളുടെ ഗവേഷണം കാണിക്കുന്നു. ഇതേ കാലഘട്ടത്തിൽ അതിതീവ്രമഴയുടെ തോത് മൂന്നിരട്ടിയായി. കേരളത്തിൽ മഴയില്ലാത്ത നീണ്ട ഇടവേളകളും ഏതാനും ദിവസങ്ങൾക്കും മണിക്കൂറുകൾക്കും ഉള്ളിൽ കനത്തമഴ പെയ്യുന്ന പ്രവണതയും കൂടിവരുന്നു. മലയോരത്ത് മണ്ണിടിച്ചിലും നഗരങ്ങളിൽ വെള്ളക്കെട്ടും തീരത്ത് ഉയർന്ന തിരമാലകളും ആവർത്തിക്കുന്നു.

കനത്തമഴയും കടുത്ത ചൂടും ചുഴലിക്കാറ്റും മുൻകൂട്ടി പ്രവചിക്കുന്നതിൽ ഇന്ത്യ വലിയ പുരോഗതി നേടിയിട്ടുണ്ട്. ഇന്ത്യൻ കാലാവസ്ഥാവകുപ്പിന്റെയും കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെയും അലർട്ടുകൾ മൊബൈൽ ഫോണിലൂടെയും ടെലിവിഷനിലൂടെയും സോഷ്യൽ മീഡിയയിലൂടെയും ലക്ഷക്കണക്കിന് ആളുകളിലെത്തുന്നു.

റെഡ് അലർട്ട് അപകടസാധ്യതയെക്കുറിച്ച് മുന്നറിയിപ്പുനൽകും. എന്നാൽ, അപകടം എത്തിയാൽ എങ്ങനെ പ്രതികരിക്കണമെന്ന കഴിവ് ഒരു അലർട്ട് മാത്രംകൊണ്ട് ലഭിക്കില്ല. അത് നേരത്തേ പഠിക്കുകയും പരിശീലിക്കുകയും വേണം.

ദേശീയ ക്രൈം റെക്കോഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് 2024-ൽ കേരളത്തിൽ 1,385 മുങ്ങിമരണങ്ങൾ രേഖപ്പെടുത്തി. 2023-ൽ ഇത് 1,344 ആയിരുന്നു. അതായത് സംസ്ഥാനത്ത് ശരാശരി ദിവസവും നാലോളം മുങ്ങിമരണങ്ങൾ. ശരിയായ മുൻകരുതലും ജലസുരക്ഷാ പരിശീലനവും സമയത്ത് ലഭിക്കുന്ന സഹായവും ഉണ്ടായിരുന്നെങ്കിൽ ഇവയിൽ പലതും ഒഴിവാക്കാമായിരുന്നു. പുഴകളും തോടുകളും കായലുകളും കുളങ്ങളും കനാലുകളും കടൽത്തീരവും നിറഞ്ഞ കേരളം ഈ കണക്ക് പ്രത്യേകം ശ്രദ്ധിക്കണം.



വെറും 15 സെന്റിമീറ്റർ ആഴമുള്ള വേഗത്തിലുള്ള വെള്ളപ്പാച്ചിൽ ഒരു മുതിർന്നയാളെ വീഴ്ത്താം. 30 സെന്റിമീറ്റർ ആഴമുള്ള ഒഴുക്കിന് ചെറിയ കാറുകളെപ്പോലും ഒഴുക്കിക്കൊണ്ടുപോകാനാകും. എന്നിട്ടും വെള്ളത്തിന്റെ ആഴമോ ഒഴുക്കിന്റെ ശക്തിയോ അടിയിൽ ഒളിഞ്ഞിരിക്കുന്ന അപകടങ്ങളോ അറിയാതെ ആളുകൾ വെള്ളക്കെട്ടിലൂടെ നടക്കുകയും ബൈക്കും കാറും ഓടിക്കുകയും ചെയ്യുന്നു.

## പതിവാകണം പരിശീലനം

കേരളത്തിൽ സേഫ്റ്റി ഡ്രില്ലുകൾ വല്ലപ്പോഴും നടത്തുന്ന പരിപാടിയായി ഒതുങ്ങരുത്. അവ പതിവാകണം. എല്ലാ സ്കൂളുകളും കോളേജുകളും സർക്കാർ ഓഫീസുകളും ജോലിസ്ഥലങ്ങളും വർഷത്തിൽ കുറഞ്ഞത് രണ്ടു ഡ്രില്ലുകൾ നടത്തണം. ഒന്ന് മാർച്ച്, ഏപ്രിൽ മാസങ്ങളിലെ കടുത്ത ചൂടിനു മുൻപ്. മറ്റൊന്ന് ജൂണിൽ മൺസൂൺ തുടങ്ങുന്നതിനുമുൻപ്. തീരത്ത് കടലാക്രമണത്തിനും മലയോരത്ത് ഉരുൾപൊട്ടലിനും താഴ്ന്നപ്രദേശങ്ങളിൽ വെള്ളപ്പൊക്കത്തിനും യോജിച്ച ഡ്രില്ലുകളും നടത്താം.

ചൂടുകാല ഡ്രില്ലിൽ ഒരു വിദ്യാർഥിയോ സഹപ്രവർത്തകനോ കടുത്ത ക്ഷീണം, തലകറക്കം, ആശയക്കുഴപ്പം തുടങ്ങിയ ലക്ഷണങ്ങളോടെ തളർന്നുവീഴുന്ന സാഹചര്യം അവതരിപ്പിക്കാം. ആരാണ് മെഡിക്കൽ സഹായത്തിന് വിളിക്കുന്നത്? ശരീരം ഉടൻ എങ്ങനെ തണുപ്പിക്കും? എവിടേക്കാണ് മാറ്റുക? കുട്ടികൾ, വയോധികർ, ഗർഭിണികൾ, രോഗികൾ തുടങ്ങിയവരെ ആരാണ് പ്രത്യേകം ശ്രദ്ധിക്കുക? ഓരോ സ്ഥാപനത്തിലും തണലും തണുപ്പുമുള്ള സ്ഥലവും കുടിവെള്ളവും ഉണ്ടായിരിക്കണം. പുറത്തെ ജോലി, കായികപരിശീലനം, സ്കൂൾ അസംബ്ലി എന്നിവ എപ്പോൾ നിർത്തണമെന്ന് വ്യക്തമായിരിക്കണം. ഡ്രിൽ നടത്താനായി ആരെയും കടുത്ത വെയിലിൽ നിർത്തുകയും ചെയ്യരുത്. മഴക്കാല ഡ്രിൽ ഇതിലും പ്രായോഗികമാകണം. കുട്ടികളും ജീവനക്കാരും സുരക്ഷിതമായ ഉയർന്ന സ്ഥലത്തേക്കുള്ള വഴി ഒരിക്കലെങ്കിലും നടന്നുനോക്കണം. എല്ലാവരും അവിടെ എത്തിയോ എന്ന് പരിശോധിക്കണം. പ്രധാന വഴി വെള്ളത്തിൽ മുങ്ങിയാൽ ഉപയോഗിക്കാവുന്ന മറ്റൊരു വഴിയും കണ്ടെത്തണം.

## വേണ്ട കാര്യങ്ങൾ

ഒഴുകുന്ന വെള്ളത്തിലൂടെ നടക്കുകയോ വാഹനം ഓടിക്കുകയോ ചെയ്യരുതെന്ന് എല്ലാവരും പഠിക്കണം. വെള്ളത്തിനടിയിലെ തുറന്ന ഓടകളിൽനിന്നും വീണുകിടക്കുന്ന വൈദ്യുതക്കമ്പികളിൽനിന്നും മാറിനിൽക്കണം. ആരെങ്കിലും ഒഴുക്കിൽപ്പെട്ടാൽ പിന്നാലെ വെള്ളത്തിലേക്കു ചാടരുത്. സുരക്ഷിതമായ സ്ഥലത്തുനിന്ന് കയറോ ലൈഫ് ജാക്കറ്റോ പൊങ്ങിക്കിടക്കുന്ന മറ്റൊരു വസ്തുവോ എറിഞ്ഞുകൊടുക്കണം. ഫയർ ആൻഡ് റെസ്ക്യൂപോലുള്ള പരിശീലനം ലഭിച്ച സംഘങ്ങളെ ഉടൻ വിളിക്കണം.

വെള്ളപ്പൊക്കസാധ്യതയുള്ളതും പുഴകളും കുളങ്ങളും കൂടുതലുള്ളതുമായ ജില്ലകളിൽ നീന്തൽ പരിശീലനം വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കണം. നീന്തൽ മാത്രമല്ല, സ്വന്തം ജീവൻ അപകടത്തിലാക്കാതെ മറ്റൊരാളെ എങ്ങനെ സഹായിക്കാമെന്നും പഠിപ്പിക്കണം. പ്രൈമറി ക്ലാസ് മുതൽ കുട്ടികൾ ദുരന്തസമയത്ത് എന്തു ചെയ്യണമെന്ന് പഠിക്കണം. സ്വന്തംനാട്ടിൽ ഉണ്ടാകാവുന്ന അപകടങ്ങൾ, യെല്ലോ, ഓറഞ്ച്, റെഡ് അലർട്ടുകളുടെ അർഥം, സുരക്ഷിതമായ വഴികൾ, ഹീറ്റ് സ്ട്രോക്കിന്റെ ലക്ഷണങ്ങൾ, അടിസ്ഥാന ഫസ്റ്റ് എയ്ഡ് എന്നിവ അവർ അറിയണം. മുതിർന്ന കുട്ടികൾക്ക് എമർജൻസി ഫോൺ വിളിക്കൽ, ആളുകളെ സുരക്ഷിത സ്ഥലത്തേക്ക് മാറ്റൽ, നാട്ടിലെ സന്നദ്ധപ്രവർത്തനം തുടങ്ങിയവ പരിശീലിക്കാം.

സ്കൂളുകളിലെയും കോളേജുകളിലെയും എൻ.സി.സി., എൻ.എസ്.എസ്. യൂണിറ്റുകൾക്ക് പ്രഥമശുശ്രൂഷ, സുരക്ഷിതമായ ഒഴിപ്പിക്കൽ, ക്യാമ്പ് നടത്തിപ്പ്, അടിയന്തര ആശയവിനിമയം എന്നിവയിൽ സ്ഥിരമായ പരിശീലനം നൽകി ഈ പ്രവർത്തനത്തിൽ പ്രധാന പങ്ക് നൽകാം. ഇവ പരീക്ഷയ്ക്കായി മനഃപാഠമാക്കാനുള്ള പാഠങ്ങളല്ല. ചെയ്തു പഠിക്കേണ്ട കഴിവുകളാണ്. ഒരു കുട്ടി സ്കൂളിൽനിന്ന് പഠിക്കുന്ന ഈ അറിവ് വീട്ടിലെ എല്ലാവരിലേക്കും എത്തും.

## സ്ഥിരം സംവിധാനമാക്കണം

കേരളം ഇതെല്ലാം പുതുതായി തുടങ്ങേണ്ടതില്ല. 2018-ലെ പ്രളയത്തിൽ 1,613 സ്കൂളുകൾ ബാധിക്കപ്പെട്ടശേഷം കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മാതൃകാസ്കൂൾ സുരക്ഷാ പദ്ധതി തുടങ്ങിയിരുന്നു.

കുട്ടികൾക്കും അധ്യാപകർക്കും പരിശീലനം, സേഫ്റ്റി ഡ്രില്ലുകൾ, സ്കൂൾ സുരക്ഷാസമിതികൾ, സ്കൂൾ സുരക്ഷാപദ്ധതികൾ എന്നിവ അതിന്റെ ഭാഗമായിരുന്നു. ഇപ്പോൾ എല്ലാ സ്കൂളുകളും USchool വഴി സുരക്ഷാപദ്ധതി തയ്യാറാക്കണം. ഇനി ആ പദ്ധതികളെ സ്ഥിരമായ സേഫ്റ്റി ഡ്രില്ലുകളുമായി ബന്ധിപ്പിക്കണം.

പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ദുരന്തനിവാരണ പ്ലാനുകളുണ്ട്. ആപ്ദ മിത്ര, സിവിൽ ഡിഫൻസ്, സന്നദ്ധസേന തുടങ്ങിയ പരിശീലനം ലഭിച്ച സംഘങ്ങളും സംസ്ഥാനത്തുണ്ട്. ഇനി ഇവയെ മാതൃകാ പദ്ധതികളിൽ ഒതുക്കാതെ എല്ലാ സ്കൂളുകളുടെയും ഓഫീസുകളുടെയും വാർഡുകളുടെയും പതിവിന്റെ ഭാഗമാക്കണം.

തുടർച്ചയായ പരിശീലനം എന്തു മാറ്റമുണ്ടാക്കുമെന്ന് ജപ്പാൻ കാണിച്ചുതരുന്നു. 2011-ലെ സുനാമിക്കിടെ കാമൈഷിയിലെ ഏകദേശം 3,000 സ്കൂൾകുട്ടികൾ വേഗത്തിൽ ഉയർന്ന സ്ഥലത്തേക്കുമാറി രക്ഷപ്പെട്ടു. വർഷങ്ങളായി ലഭിച്ച ദുരന്തപഠനവും ഡ്രില്ലുകളുമാണ് ആരെങ്കിലും വന്ന് പറയുന്നതുവരെ കാത്തുനിൽക്കാതെ പ്രവർത്തിക്കാൻ അവരെ സഹായിച്ചത്.

*ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രോപ്പിക്കൽ മീറ്റിയറോളജിയിൽ കാലാവസ്ഥാ ശാസ്ത്രജ്ഞനാണ് ലേഖകൻ*